പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1505

14/12/2012 ൽ
മറുപടിക്ക്

## ചാലക്കുടിയിൽ ആയുർവ്വേദ കേന്ദ്രവും കൊരട്ടിയിൽ വാദ്യ കലാകേന്ദ്രവും ആരംഭിക്കുന്നതിനുള്ള നടപടി

ചോദ്യം

ശ്രീ. ബി.ഡി. ദേവസ്സി

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

(എ) പത്മഭൂഷൺ, വൈദ്യരത്നം രാഘവൻ തിരുമുല്പാടിന്റെ സ്മാരകമായി ചാലക്കുടിയിൽ ഒരു ആയുർവ്വേദ കേന്ദ്രവും പത്മഭൂഷൺ കുഴൂർ നാരായണമാരാരുടെ സ്മരണ നിലനിർത്തുന്നതിനായി കൊരട്ടിയിൽ ഒരു വാദ്യ കലാകേന്ദ്രവും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) രാജ്യം ആദരിച്ച പ്രസ്തുത രണ്ട് മഹത് വ്യക്തിത്വങ്ങളുടെയും പേരിൽ അതാത് മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ചവർക്കായി ഓരോ പുരസ്ക്കാരങ്ങൾ ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ?

(എ) (ബി) സ്ഥല ലഭ്യതയും മറ്റു അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുന്ന പക്ഷം പത്മഭൂഷൺ കുഴൂർ നാരായണമാരാരുടെ സ്മരണാർത്ഥം കൊരട്ടിയിൽ ഒരു വാദ്യകലാഗ്രാമം സ്ഥാപിക്കുന്നതിന് സഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. കുഴൂർ നാരായണമാരാരുടെ പേരിൽ ഒരു പുരസ്കാരം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുവാൻ കേരള കലാമണ്ഡലത്തോട് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പത്മഭൂഷൺ, വൈദ്യരത്നം രാഘവൻ തിരുമുല്പാടിന്റെ പേരിൽ ഒരു ആയുർവ്വേദ കേന്ദ്രം ചാലക്കുടിയിൽ സ്ഥാപിക്കുന്നതും അദ്ദേഹത്തിന്റെ പേരിൽ ഒരു പുരസ്കാരം ഏർപ്പെടുത്തുന്നതും സംബന്ധിച്ച വിഷയം സാംസ്കാരിക വകുപ്പിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ